പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 364

25/06/2014-ൽ മറുപടിയ്ക്കു്

**ശബരിമല തീർത്ഥാടനാർത്ഥമുള്ള മുന്നൊരുക്കങ്ങൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ. സി.എഫ്. തോമസ്<br>ശ്രീ. റ്റി.യു. കുരുവിള | | ശ്രീ. വി.എസ്. ശിവകുമാർ,<br>ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി. |
| എ) അടുത്ത ശബരിമല തീർത്ഥാടനം കൂടുതൽ സുരക്ഷിതവും സൗകര്യപ്രദമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;<br><br>ബി) ശബരിമല തീർത്ഥാടകർക്ക് കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും തീർത്ഥാടന മേഖലയിലെ പ്രകൃതി സംരക്ഷണം ഉറപ്പുവരുത്തുന്നതിനും ശബരിമല പാക്കേജ് നടപ്പാക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ? | എ) & ബി) | അടുത്ത ശബരിമല തീർത്ഥാടനത്തിന്റെ ഭാഗമായി നിലയ്ക്കൽ, പമ്പ, ശബരിമല എന്നിവിടങ്ങളിൽ ഭക്തജനങ്ങളുടെ സുരക്ഷിതത്ത്വത്തിനായി മുൻവർഷങ്ങളിലേതുപോലെയുള്ള സുരക്ഷാക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നുണ്ട്. പോലീസ് വകുപ്പിൽ നിന്നും വിപുലമായ സജ്ജീകരണങ്ങൾ ഒരുക്കി വരുന്നുണ്ട്. പമ്പയിൽ നിന്നും തീർത്ഥാടകരെ നിയന്ത്രിച്ച് സന്നിധാനത്തേക്ക് കടത്തി വിടുന്നതിനു പുറമേ മരക്കൂട്ടം, ശരംകുത്തി, വലിയ നടപന്തൽ എന്നീ സ്ഥലങ്ങളിൽ തിരക്കു നിയന്ത്രിച്ച് സുഗമമായ ദർശനം നൽകുന്നതിനുള്ള ക്രമീകരണങ്ങളാണ് ചെയ്തുവരുന്നത്. തീർത്ഥാടനം കൂടുതൽ സൗകര്യപ്രദമാക്കുന്നതിന്റെ ഭാഗമായി മരക്കൂട്ടത്ത് അയ്യപ്പൻമാരെ ഉൾക്കൊള്ളാൻ കഴിയുന്ന ഷെൽട്ടറുകൾ ഹൈപവർ കമ്മിറ്റി നിർമ്മിച്ചിട്ടുണ്ട്. മാസ്റ്റർ പ്ലാനിൽ വിഭാവന ചെയ്തതിനനുസരിച്ച് മരക്കൂട്ടം മുതൽ ശരംകുത്തിവഴി സന്നിധാനം വരെയുള്ള സ്ഥലങ്ങളിൽ ക്യൂ കോംപ്ലക്സുകൾ നിർമ്മിക്കുന്നതിനും അവയിൽ തീർത്ഥാടകർക്ക് കുടിവെള്ളം, ടോയ്ലറ്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ഹൈപവർ കമ്മിറ്റി തീരുമാനിച്ച് ടെൻഡർ ക്ഷണിച്ചുകഴിഞ്ഞു. ക്യൂ കോംപ്ലക്സിലെ സൗകര്യങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനും സന്നിധാനത്തെ ക്യൂ സംവിധാനം മെച്ചപ്പെടുത്തുന്നതിനുമായി ചീഫ് സെക്രട്ടറി തലത്തിൽ ഉന്നതതല യോഗം വിളിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. തീർത്ഥാടന പാതയിൽ സ്വാമി അയ്യപ്പൻ റോഡ്, ചന്ദ്രാനന്ദൻ റോഡ് എന്നിവയിൽ ആധുനിക രീതിയിലുള്ള ബയോ ടോയ്ലറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ശബരിമലയിലും പമ്പയിലും പുതിയ ടോയ്ലറ്റ് ബ്ലോക്ക് നിർമ്മിക്കുന്നതിന് പദ്ധതിയുണ്ട്. നിലയ്ക്കലിൽ തീർത്ഥാടകരുടെ വാഹന പാർക്കിംഗ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി രണ്ട് പാർക്കിംഗ് |

....2/

ഗ്രൗണ്ടുകൾ, എൻട്രി എക്സിറ്റ് റോഡ് എന്നിവ ഒരുക്കുന്നുണ്ട്. ഹൈപവർ കമ്മിറ്റി ഈ വർഷം ഏറ്റെടുത്തു നടത്തുവാനുദ്ദേശിച്ച് ടെൻഡർ ക്ഷണിച്ചിട്ടുള്ള പദ്ധതികളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.

ശബരിമലയിൽ 2050 വരെയുള്ള വികസനം മുന്നിൽ കണ്ടാണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. ശബരിമല യിലെ വികസന പദ്ധതികൾ ഏറ്റെടുത്തു നടപ്പാക്കുന്ന ഹൈപവർ കമ്മിറ്റിയിൽ വനം വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ്, ഇലക്ട്രിസിറ്റി ബോർഡ് തുടങ്ങി ശബരിമലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാ വകുപ്പിലെയും ഉന്നത ഉദ്യോഗസ്ഥന്മാർ അംഗങ്ങളാണ്. പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോൾ തീർത്ഥാടന മേഖലയിൽ പ്രകൃതിസംരക്ഷണം തുടങ്ങി ശബരിമലയ്ക്ക് ഉതകുന്നതും സുഗമമായ തീർത്ഥാടനത്തിന് അനുയോജ്യവു മായ മാനദണ്ഡങ്ങൾ പാലിച്ചാണ് പദ്ധതികൾ നടപ്പിലാക്കി വരുന്നത്. കൂടാതെ സീവേജ് മാലിന്യം നിർമ്മാർജ്ജനം ചെയ്യുവാനും പ്രകൃതി സംരക്ഷണം ഉറപ്പുവരുത്തുന്നതിനു മായി ശബരിമലയിൽ 5 എം.എൽ.ഡി യുടെ ഒരു മാലിന്യ സംസ്കരണ യൂണിറ്റിന്റെ നിർമ്മാണം നടന്നുവരുന്നു. പമ്പയിൽ നിലവിലുള്ള മാലിന്യ സംസ്കരണ യൂണിറ്റിന്റെ വ്യാപ്തി വർദ്ധിപ്പിക്കുന്ന കാര്യവും ഹൈപവർ കമ്മിറ്റിയുടെ സജീവ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ

## അനുബന്ധം

1) Nilackal widening and resurfacing of entry and exit road.
2) Construction of latrine complex at Pamba Manalpuram unit-1.
3) Construction of latrine complex at Pamba Manalpuram Unit-II.
4) Construction of queue complex from Marakkottam to Saramkuthy from chainage 20m.
5) Construction of queue complex from Marakkottam to Saramkuthy from chainage 80m.
6) Construction of queue complex from Marakkottam to Saramkuthy from chainage 190 m.
7) Construction of queue complex from Marakkottam to Saramkuthy from chainage 250m.
8) Construction of queue complex from Marakkottam to Saramkuthy from chainage 310m.
9) Construction of queue complex from Marakkottam to Saramkuthy from chainage 370m.
10) Construction of queue complex from Marakkottam to Saramkuthy from chainage 430m.
11) Construction of queue complex from Marakkottam to Saramkuthy from chainage 930m.
12) Construction of queue complex from Marakkottam to Saramkuthy from chainage 955m.
13) Construction of queue complex from Marakkottam to Saramkuthy from chainage 980m.
14) Construction of queue complex from Marakkottam to Saramkuthy from chainage 1005m.
15) Construction of queue complex from Marakkottam to Saramkuthy from chainage 1030m.
16) Construction of queue complex from Marakkottam to Saramkuthy from chainage 1080m.
17) Sabarima - Construction of toilet block.
18) Nilackal - Providing drain on the newly constructed road.
19) Nilackal - providing drain on the newly developed parking ground C & D at Nilackal.